**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6115** **07.11.2016 ൽ മറുപടിയ്ക്ക്**

**"പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത"**

| **ചോദ്യം**<br>ശ്രീ. രാജു എബ്രഹാം | **ഉത്തരം**<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| --- | --- |
| (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും വിഷമയമായ പച്ചക്കറികൾ കേരളത്തിലേക്ക് എത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഉണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പുതിന, മല്ലിയില, കറിവേപ്പില, കാബേജ്, കോളി ഫ്ലവർ, പച്ചമുളക് എന്നിവയുടെ ചില സാമ്പിളുകളിൽ അനുവദനീയമായതിൽ അധികം കീടനാശിനി വിഷാംശം അടങ്ങിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നാണ് പച്ചക്കറികൾ കേരളത്തിൽ എത്തുന്നതെന്നും അവയുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നാണ് പച്ചക്കറികൾ കൂടുതലായി എത്തുന്നത്. കമ്പോളങ്ങളിലും കൃഷിയിടങ്ങളിലും നിന്നും ശേഖരിക്കുന്ന പച്ചക്കറി സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പരിശോധന നടത്തി വിവരം പരസ്യപ്പെടുത്തുന്നുണ്ട്. |
| (സി) കേരളത്തിന് ആവശ്യമുള്ള പച്ചക്കറികൾ സംസ്ഥാനത്തിന് അകത്തുതന്നെ ഉല്പാദിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(ഡി) പച്ചക്കറി ഉല്പാദനത്തിൽ എന്നത്തേക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) യും (ഡി) യും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി പദ്ധതിയിൻ കീഴിൽ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം ബോധവല്ക്കരണം, പ്രചരണം, ജില്ലാ ക്ലസ്റ്റർ വികസനം, നഗര പ്രദേശങ്ങളിൽ ആധുനിക രീതിയിലുള്ള മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കൽ, അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികൾ, ബ്ലോക്ക് തല നഴ്സറികളുടെ വികസനം, മഴ മറകൾ സ്ഥാപിക്കൽ, സങ്കര വിത്തിനങ്ങളുടെ പ്രദർശനത്തോട്ടം, സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗവും, തരിശുനില കൃഷി, മാധ്യമങ്ങൾ വഴിയുള്ള വിത്തു വിതരണം, എൻ.ജി.ഒ – കൾ മുഖേന വീട്ടുവളപ്പിൽ കൃഷി, സേഫ് ടു ഈറ്റ് പ്രോജക്റ്റ്, സ്റ്റാഗേഡ് ക്ലസ്റ്റർ വികസനം എന്നിങ്ങനെയുള്ള പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.<br>കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിലൂടെ പച്ചക്കറി ഉല്പാദനത്തിൽ കേരളം സ്വയം പര്യാപ്തതയുടെ പാതയിലാണ്. |

**സെക്ഷൻ ഓഫീസർ**